വിഷയം :- വേഗത്തിൽ നീങ്ങുന്ന ഘടികാരസൂചി

# അന്യർക്ക് പ്രവേശനമില്ല

മടുത്തു; ഇനി വയ്യ!
ജോലിയങ്ങ് കളഞ്ഞാലോ?

ഞാനല്ലേലും ഇങ്ങനെയാണ്. ഒരു കാരണവുമില്ലാതെ വെറുതെ ഓരോന്ന് ചിന്തിച്ചുകളയും.

"ഇത്രയ്ക്ക് 'സ്റ്റാറ്റസ്' ഉള്ള ജോലി കളയുക എന്ന് വെച്ചാൽ! അതും ഉറക്കമൊഴിഞ്ഞ് കഷ്ടപ്പെട്ടിട്ട്"

അമ്മ ശകാരിച്ചു.

സമൂഹത്തിലെ സ്റ്റാറ്റസിനേക്കാൾ മനസ്സിന്റെ സ്റ്റാറ്റസാണ് വലുത് എന്ന് പറയണമെന്ന് ഉണ്ടായിരുന്നു.

പിന്നെ പറഞ്ഞില്ല എന്നേ ഉള്ളൂ.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 950 Participant Code: 306

ശുദ്ധമായ വായു അകത്തേക്കെടുക്കാമെന്ന് കരുതി താഴ്ത്തിയിട്ട ജനലാണ്. റോഡ് പണി നടക്കുന്ന കാര്യം അന്നേരമാണ് ഓർമ്മ വന്നത്.

തുണിയും വലയും കൊണ്ട് വീടിനെയാകെ വരിഞ്ഞുമുറുക്കി, കാറ്റ് കടക്കാൻ ആകെയുള്ള എയർഹോളും വർത്തമാനപത്രം തിരുകിവെച്ച് ജീവിക്കേണ്ട ഒരവസ്ഥയേ!

"ഇക്കണക്കിന് പോയാ നാട്ടിലെ എല്ലാരും ആസ്ത്മ രോഗികളായിരിക്കും."

എന്റെ സ്ഥിരം ഡയലോഗായതുകൊണ്ട് 'നിധി' അതിനെ ഗൗനിച്ചില്ല. അല്ലെങ്കിലും അവളിപ്പോൾ എന്താണ് ഗൗനിക്കുന്നത്? അവൾ ഒരുപാട് മാറിയിരിക്കുന്നു.

-ഒന്നും മിണ്ടാതെ; പാവ കണക്കെ സഹിക്കാനാകുന്നില്ല.

"രണ്ടുപേരും ഡോക്ടർമാര്! ഇനിയെന്ത് നോക്കാനാ?"

എല്ലാവരും കമന്റടിച്ചു.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

പത്തിൽ ഒൻപത് പൊരുത്തവും.
അഞ്ച് കൊല്ലത്തെ പ്രണയം പൂത്തുലഞ്ഞു
എല്ലാവർക്കും പരമാനന്ദം!
ഓരോന്ന് ഓർത്ത് ഞാൻ ഉറങ്ങിപ്പോയി.
'ഞങ്ങളൊക്കെ പാവങ്ങളല്ലേ?'
'ആണല്ലോ'
'പിന്നെയെന്തിനാ ഞങ്ങളെയൊക്കെ
കൊന്നു കളയുന്നേ?'
ഞാൻ ഞെട്ടി എഴുന്നേറ്റു.
അതെ; അഞ്ചുകൊല്ലം മുന്നത്തെ നരച്ച
എന്നാൽ എനിക്കും അവൾക്കും അന്ന്
വർണാഭമായി തോന്നിയ തീരുമാനം വീണ്ടും
വീണ്ടും തികട്ടി വരുന്നു.
ഛർദ്ദിക്കാനാണ് തോന്നിയത്!
ഞാനെന്തുനേടി. ആ ജീവനെ കുരുതികൊടുത്ത്
ഞാൻ എന്തുനേടി?
'നാടോടുമ്പോ നടുവേ ഓടണം' എന്നാണല്ലോ.

ഓടിയ വഴി തെറ്റായിരുന്നുവെന്ന്
മനസ്സിലാക്കാൻ വൈകി.

ജീവിതമെന്ന ഘടികാരസൂചിയുടെ
ദിശയാകെ തെറ്റിയിരിക്കുന്നു. കൃത്യമായി
ഓടിക്കൊണ്ടിരുന്നതായിരുന്നു. ഞങ്ങൾ തന്നെ
അതിന്റെ ബാറ്ററി വലിച്ചൂരി.

കുറ്റബോധത്തിന്റെ കൊടുമുടിയിൽനിന്ന്
താഴേക്ക് ചാടാൻ തോന്നുന്നു.

ഇത്രയും കൊല്ലം കൊണ്ട് കൈവന്ന
ഏതോ ശക്തിയുടെ സ്വാധീനത്താൽ യാന്ത്രിക-
മായി വെളുത്ത കോട്ടെടുത്തിട്ടു. സ്വിഫ്റ്റ്
സ്റ്റാർട്ട് ചെയ്തു. ആശുപത്രിയിലേക്ക്...

കറങ്ങുന്ന ചക്രക്കസേരമേൽ ഇരിക്കു-
മ്പോഴാണ് ക്ലൈന്റ് വന്നെന്ന് നേഴ്സ്
വിളിച്ചുപറഞ്ഞത്.

"കം ഇൻ"

നവവധൂവരന്മാർ എന്റെ മുന്നിലിട്ട
കസേരയിൽ സ്ഥാനം പിടിച്ചു.

എന്റെ ചോദ്യത്തിനു മുമ്പേ അവർ
ഉത്തരം തന്നു.
"ഡോക്ടർ... അബോർഷൻ ചെയ്യാൻ ഉള്ള
ക്രൈറ്റീരിയാസ്.."
ഈ മാസത്തേക്ക് ഒരു നൂറാവർത്തിയാവണം
'അബോർഷൻ' എന്ന വാക്ക് എന്റെ ചെവികളെ
തകർക്കുന്നു.
"ചിന്തിച്ചിട്ടുതന്നെയാണോ? എടുത്തുചാടരുത്"
അവരുടെ മുഖത്ത് ഒരു പുച്ഛമുണ്ടായിരുന്നു
- ഗർഭം അലസിപ്പിക്കാൻ കാശ് ഞങ്ങൾ
അങ്ങോട്ടല്ലേ കൊടുക്കുന്നത് എന്ന രീതിയിൽ
ഘടികാരത്തിലെ ഓരോ സൂചിയും
കഷ്ടപ്പെട്ട്, ആഞ്ഞുവലിച്ച് നീക്കുന്ന
ഞാൻ അനുഭവത്തിന്റെ വെളിച്ചത്തിൽ
- അല്ല, ഇരുട്ടിൽ പറയുകയാണെന്ന്
ഒരുപക്ഷേ അവർക്ക് അറിയുമായിരിക്കില്ല.
"യെസ് ഡോക്ടർ. നന്നായി ആലോചിച്ചു"

"റീസൺ എന്തായിരുന്നു?"
"ആക്ച്വലി ഇറ്റ് വാസ് എ മിസ്ടേക്ക്.
ഞങ്ങൾ ഒരു ബേബിക്കായി തീരെ
പ്രിപ്പെയേർഡ് അല്ല."
'പിന്നെയെന്തിന് അതിന് ജന്മം നൽകി
കൊല്ലുന്നു? എന്ന് ചോദിക്കണമെന്ന്
ഉണ്ടായിരുന്നു. അവരുടെ ജീവിതത്തിൽ
ഞാനെന്തിന് അതിർത്തികൾ ലംഘിച്ച്
കടക്കുന്നു?
"പ്രെഗ്നന്റ് ആയിട്ട് എത്ര മാസം?"
"ഫൈവ് ആൻഡ് ഹാഫ് മന്ത്സ്"
"ഓ, എന്നാൽ കുറച്ച് നേരത്തെ ആകാമാ-
യിരുന്നില്ലേ?"
എപ്പോഴായാലും ജീവൻ ജീവൻ തന്നെയാണ്
എന്നറിഞ്ഞിട്ടും ഞാൻ ചോദിച്ചു.
"ഡോക്ടർ, ജനിച്ചിട്ടില്ലല്ലോ. പിന്നെ
എന്താ കുഴപ്പം?"
"നതിങ്; ചോദിച്ചുവെന്നേ ഉള്ളൂ"

ഞാൻ വീണ്ടും കരുതി.
ഞാനെന്തിനാണ് വേണ്ടാത്ത ഓരോന്നിൽ
തലയിടുന്നത്!
അവരുടെ ഇഷ്ടങ്ങൾ.
ഇപ്പോഴത്തെ കുട്ടികൾ പറയുംപോലെ
ഞാൻ 'തന്ത വൈബ്' ആകുന്നുവോ?
പക്വത വന്നവരെ 'തന്ത വൈബ്'
എന്ന് വിളിച്ച് കളിയാക്കുന്ന ന്യൂ
ജെനറേഷനോട് എനിക്ക് സഹതാപം
തോന്നി.
അവർ അവരെ തന്നെയല്ലേ ഈ നശിപ്പി-
ക്കുന്നത്? - എല്ലാം ധിക്കരിച്ച്.
ഒരു സമയത്ത് ഞാനും നിധിയും.
'എന്തിനാ മോളെ മോനെ അതിനെ കൊല്ലുന്നത്'
എന്ന് എല്ലാവരും ചോദിച്ചപ്പോൾ ചിരിച്ചു.
"ഞങ്ങൾ പറഞ്ഞില്ലേ. ഞങ്ങൾക്ക് ഇപ്പം
നോക്കാനൊക്കെ ബുദ്ധിമുട്ടാണ്."
"നിങ്ങൾക്ക് രണ്ടാൾക്കും ശമ്പളം ഇല്ലേ?"

"സോ?"

ഞങ്ങൾ എല്ലാവരോടും ദേഷ്യപ്പെട്ടു.
അന്ന് മാസം രണ്ടുപേർക്കുംകൂടി
രണ്ട് - മൂന്ന് ലക്ഷം ശമ്പളമുണ്ടായിരുന്നു.
ജീവിതത്തിനുള്ള അല്ലൽ കൊണ്ടൊന്നും
ആയിരുന്നില്ല.

- കുട്ടികളും കുടുംബവും വലിയ കഷ്ടപ്പാട്
ആവും. പാർട്ടികളിലും പബ്ബുകളിലും
പോകാൻ ഞങ്ങൾ ഇഷ്ടപ്പെട്ടു.

ഒന്ന്- ഒന്നര കൊല്ലം കഴിഞ്ഞപ്പോഴാണ്
മനസ്സിലാക്കിയത്; തെറ്റിയ ഘടികാരസൂചിയിൽ
നിന്നും ഒട്ടും വ്യത്യസ്തമല്ല ഞങ്ങളുടെ
ജീവിതമെന്ന്. എന്തിനാണ് നീങ്ങുന്നതെന്ന്
ചോദിച്ചാൽ അതിനുതന്നെയറിയില്ല.
വെറുതേ ഒരു ചടങ്ങ് എന്നപോലെ
ഓടുന്നു. ഇടയ്ക്ക് ശരിയാക്കുമ്പോൾ സമയം
ശരിയായെന്ന് കരുതും.

- അപ്പോഴേക്ക് വീണ്ടും തെറ്റിയിരിക്കും!

"ഓക്കെ കുറച്ച് ടെസ്റ്റുകൾ നടത്തണം.
എന്നിട്ട് ഡേറ്റ് ഫിക്സ് ചെയ്യാം.
ഫ്രൈഡെ വരൂ"
പിന്നെ അവരുടെ ഒരു സമാധാനത്തിന്
രണ്ട് ആന്റിബയോട്ടിക് ക്യാപ്സ്യൂളും
എഴുതിക്കൊടുത്തു.
ഡ്യൂട്ടി കഴിഞ്ഞ്, വീട്ടിലേക്ക് പോന്നു.
ഇല്ല എനിക്ക് കഴിയുമെന്ന് തോന്നുന്നില്ല.
- ഇനിയും കൊല്ലാൻ.
മടുത്തു; ഇനിവയ്യ
ജോലിയങ്ങട് കളഞ്ഞാലോ?
ഞാനല്ലേലും ഇങ്ങനെയാണ് ഒരു കാരണവും
ഇല്ലാതെ, വെറുതേ ഓരോന്ന് ചിന്തിച്ചുകളയും.
കഴിഞ്ഞ അബോർഷൻ ട്രീറ്റ്മെന്റിന്റെ
ഓർമ്മകൾ കുത്തിയൊലിക്കുന്നു.
കത്രികയും സിറിഞ്ചും മറ്റ് സാധനങ്ങ-
ളുമായി ഞങ്ങൾ തയ്യാറാവും.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 950 Participant Code: 306

കുട്ടിയുടെ, ഗർഭസ്ഥശിശുവിന്റെ കാല്.
കൈകൾ ഓരോന്നായി കീറിമുറിക്കും.
എന്നിട്ട് ഒടുക്കം...
മങ്ങിയ ബോധം തിരികെ വന്നത്
'ബജാജ്' ഫാനിന്റെ കാറ്റ് ആഞ്ഞടിച്ചപ്പോ-
ഴാണ് "നോ പ്രോബ്ലം. പെട്ടന്ന് ഷോക്കായി
എന്നേയുള്ളൂ"
"ഡോക്ടറുടെ മേൽനോട്ടത്തിൽ നഴ്സ്
ഗ്ലൂക്കോസ് കുത്തിവെച്ചു"
ജീവിതത്തിലില്ലാത്ത മധുരം അങ്ങനെയെങ്കിലും
രക്തത്തിൽ കലരട്ടെ.
അന്നേരമാണ് അച്ഛനെയും അമ്മയെയും
ഭാര്യയെയും കണ്ടത്.
"ഒന്ന് തലകറങ്ങിയതേന്നെ ഉള്ളൂ"
"എങ്ങനെ കറങ്ങാതിരിക്കും? വല്ലതും
തിന്നണം. ഡോക്ടറാണ് പറഞ്ഞിട്ടെന്താ.
സ്വന്തം കാര്യത്തിൽ ബോധം വേണം."
അമ്മ ശകാരിച്ചു.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 950 Participant Code: 306

അമ്മയല്ലേലും അങ്ങനെയാണ്
ടെൻഷനും അമ്മയും കൂടെപ്പിറപ്പുകളാ-
ണോ എന്ന് വരെ ചിന്തിച്ച് പോയിട്ടുണ്ട്
എന്നാൽ സ്വന്തം കാര്യത്തിൽ ആ
ആധി ഏഴയലത്തുകൂടി പോയിട്ടില്ല
താനും.

അച്ഛന് ഒന്നും പ്രകടിപ്പിക്കാനറിയാത്തത്
കൊണ്ട് വേറൊന്നും സംഭവിച്ചില്ല.

ഞങ്ങൾ വീട്ടിലെത്തി.

അച്ഛനുമമ്മയും ഞങ്ങളുടെ കൂടെ നിന്നു.
ഞാൻ റൂമിലേക്ക് പോന്നു. ചുമരലമാരയിൽ
നിന്നും ഒരു പുസ്തകമെടുത്തു. പക്ഷേ
ശ്രദ്ധ മറ്റെവിടെയോ ആണ്.

പുസ്തകം പഴയ സ്ഥാനത്ത് കൊണ്ടു-
വെച്ചിട്ട് ഞാൻ മിനുസമുള്ള കിടക്കയിലേക്ക്
ചാഞ്ഞു.

വിരസമായ ജീവിതം!

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

"നിങ്ങള് പറ"

"നീ പറയെടീ"

അച്ഛനുമമ്മയും പിറുപിറുക്കുന്നു.

"നിങ്ങളാരെലും ഒന്നു പറഞ്ഞേ"

പതിവിന് വിപരീതമായി അച്ഛനാണ് പറഞ്ഞത്.

"മോനേ നിനക്ക്... ഒരു കുട്ടിയെ ദത്തെടുത്തൂടെ?"

ആളുന്ന മനസ്സിൽ തണുത്ത വെള്ളം കോരിയൊഴിച്ചപോലെ.

"അതിനെന്താ, നിങ്ങളല്ലേ..."

വാക്കുകൾ പുറത്തുവന്നില്ല.

"അന്ന് കാരണവൻമാരൊക്കെ പറഞ്ഞു- ദത്തെടുത്താലും മുലയൂട്ടിയാലും പോര വേറെയല്ലേ- അപ്പോൾ ഞങ്ങളും."

അച്ഛൻ അവസാനിപ്പിച്ചപ്പോൾ അമ്മ തുടർന്നു

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 950 Participant Code: 306

" അതേ. എന്തായാലും മനുഷ്യന്മാരല്ലേ?
നമുക്ക് അത് മതി കുട്ടാ."
അവരാകെ മാറിപ്പോയിരിക്കുന്നു. ഞങ്ങളോട്
മാപ്പാക്കിയിരിക്കുന്നു.
എനിക്ക് തുള്ളിച്ചാടാൻ തോന്നി.
ഞാനവളുടെ അടുത്ത് ഓടിച്ചെന്നു.
"നമുക്ക് ഒരു കുഞ്ഞിനെ എടുത്ത്
വളർത്തിയാലോ."
അവളെന്നെ കെട്ടിപ്പിടിച്ചു.
മൂന്ന് കൊല്ലങ്ങൾക്കിപ്പുറം വശ്യമായ
ആ പുഞ്ചിരി ഞാൻ വീണ്ടും കണ്ടു.
അങ്ങനെ - ഇന്നാണ് ഞങ്ങൾ
മോളെയെടുക്കാൻ പോകുന്നത്.
'വഴിയിൽ കളഞ്ഞുകിട്ടിയെന്നാണ് പറഞ്ഞത്'
നിധി രാവിലെതന്നെ കുളിച്ചൊരുങ്ങി.
അമ്പലത്തിൽ തൊഴുതു. ഞങ്ങൾ 'കരുണ'
ചിൽഡ്രൻസ് ഹോമിലെത്തി.

Item Code: 950 Participant Code: 306

വശ്യമായ പുഞ്ചിരിയുള്ള പൂക്കണ്ണു-
കളുള്ള ഞങ്ങളുടെ മോളെ ഞാൻ
മാറോട് ചേർത്തു.

അന്നേരമൊരു ഫോൺ കോൾ. അന്നു
കണ്ട ക്ലൈന്റിന് അബോർഷൻ ചെയ്യേണ്ട
എന്ന്! ഡോക്ടർ പറഞ്ഞപ്പോ ഒന്നു
കൂടി ചിന്തിച്ചതുപോലും.

അന്യന്റെ ജീവിതത്തിൽ പ്രവേശിച്ചത്
വെറുതെയായില്ല എന്ന വിശ്വാസത്തോടെ
നിലച്ച ഘടികാരസൂചി വീണ്ടും ഓട്ടം
തുടങ്ങിയെന്ന പ്രത്യാശയോടെ നിധിയെയും
മോളെയും ഞാൻ ചേർത്തുപിടിച്ചു

'എന്റെ ചേച്ചി'

സ്വർഗത്തിൽ നിന്ന് ഞങ്ങളുടെ ആദ്യത്തെ
മകളും പുഞ്ചിരിച്ചു.

– പിന്നെ ഞാനും!

വേഗത്തിൽ നീങ്ങുന്ന ഘടികാരസൂചിക്കൊപ്പം
അവരെയും കൂട്ടി ഞാനും വേഗം നീങ്ങി

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)